# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 55. 09.03.2015-ൽ മറുപടിയ്ക്ക്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

**ചോദ്യം**
ശ്രീ. എം.പി. വിൻസെന്റ്

(എ) ബിരുദ നിലവാരത്തിലുള്ള പരീക്ഷ എഴുതി നേരിട്ടു നിയമനം നേടുന്ന തസ്തികകളെയും അതിന്റെ പ്രമോഷൻ തസ്തികകളെയും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്നും ഒഴിവാക്കുമോ;

(ബി) പഞ്ചായത്ത് സെക്രട്ടറിമാർ, ജൂനിയർ എംപ്ലോയിമെന്റ് ഓഫീസർമാർ, ബി.ഡി.ഒ.മാർ, സെക്രട്ടറിയറ്റ്/എൽ.എഫ്.എ.ഡി./അഡ്വ. ജനറൽ ഓഫീസ് എന്നിവയുടെ പ്രമോഷൻ തസ്തികകളിൽ നിന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ ഒഴിവാക്കുമോ?

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

**(എ)യും (ബി)യും**

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16/08/2014-ലെ സ.ഉ.(എംഎസ്) നം.228/14/പൊഭ) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് (05.01.2015-ലെ സ.ഉ.(എം.എസ്.) നം. 1/15/പൊ.ഭ.വ., 08.01.2015-ലെ സ.ഉ.(എം.എസ്.) നം. 9/15/പൊ.ഭ.വ) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ